സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ദി മെന്റലി ചലഞ്ച്ഡ് മേഖലാ കേന്ദ്രങ്ങൾ

37 (7002) ശ്രീ. പി. ഉബൈദുള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പൊതുവിദ്യാഭ്യാസ വകുപ്പിനുകീഴിൽ തിരുവനന്തപുരത്ത് പ്രവർത്തിക്കുന്ന സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ദി മെന്റലി ചലഞ്ച്ഡ് (എസ്.ഐ.എം.സി.) മേഖലാ കേന്ദ്രങ്ങൾ ആരംഭിക്കുന്ന നടപടികൾ ഇപ്പോൾ ഏതുഘട്ടത്തിലാണ് ;

(ബി) മലപ്പുറം, കാസർകോഡ് ജില്ലകളിൽ പുതിയ മേഖലാ കേന്ദ്രങ്ങൾ ആരംഭിച്ചിട്ടുണ്ടോ ; ഇല്ലെങ്കിൽ അതിനുള്ള നടപടികൾ സ്വീകരിക്കുമോ ;

(സി) കേരളത്തിൽ ബുദ്ധിപരമായ വെല്ലുവിളികൾ നേരിടുന്നവരുടെ അംഗസംഖ്യ വർദ്ധിച്ചുവരുന്ന സാഹചര്യത്തിൽ അവരുടെ വിദ്യാഭ്യാസത്തിനായുള്ള പ്രവർത്തനങ്ങൾ കൂടുതൽ കാര്യക്ഷമമായി നടപ്പാക്കുമോ ?

ഉത്തരം

(എ) സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ദി മെന്റലി ചലഞ്ച്ഡ് (എസ്.ഐ.എസ്.സി)-യുടെ പ്രവർത്തനത്തിന് പ്രാരംഭ ചെലവുകൾക്കുള്ള തുക സ്ഥാപനത്തിന് 2014-15 സാമ്പത്തിക വർഷം അനുവദിച്ച ഫണ്ടിൽ വകയിരുത്തിയിട്ടുണ്ട്. അടിയന്തരമായി 2 റീജിയണൽ സെന്ററുകൾ കാസർഗോഡ്, മലപ്പുറം ജില്ലകളിൽ തുടങ്ങുന്നതിന് നടപടി എടുത്തുവരികയാണ്.

(ബി) മലപ്പുറം, കാസർഗോഡ് ജില്ലകളിൽ പുതിയ മേഖലാ കേന്ദ്രങ്ങൾ ആരംഭിച്ചിട്ടില്ല. അതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു.

(സി) കേരളത്തിൽ ബുദ്ധിപരമായ വെല്ലുവിളികൾ നേരിടുന്നവരുടെ അംഗസംഖ്യ വർദ്ധിച്ചുവരുന്ന സാഹചര്യത്തിൽ അവരെ നേരത്തെ കണ്ടെത്തി പരിശീലനം നൽകുന്നതിനും അവരുടെ വിദ്യാഭ്യാസത്തിനുള്ള പദ്ധതികൾ കൂടുതൽ കാര്യക്ഷമമാക്കുന്നതിനും എസ്.ഐ.എം.സി. പദ്ധതികൾ എസ്.സി.ഇ.ആർ.ടി.-യുമായി ബന്ധപ്പെട്ട് ആസൂത്രണം ചെയ്തു നടപ്പിലാക്കിവരുന്നു. മാനസിക വെല്ലുവിളികൾ നേരിടുന്ന കുട്ടികളെ പഠിപ്പിക്കുന്ന അംഗീകൃത സ്ഥാപനങ്ങൾക്ക് സർക്കാർ എല്ലാ വർഷവും ഗ്രാന്റ് അനുവദിച്ചുവരുന്നുണ്ട്. 28-4-2014-ലെ സ.ഉ.(പി) 69/14/പൊ.വി.വ. നമ്പർ സർക്കാർ ഉത്തരവ് പ്രകാരം ബഡ്സ് സ്കൂളുകൾ ഉൾപ്പെടെ മാനസിക വൈകല്യമുള്ള കുട്ടികളെ പഠിപ്പിക്കുന്ന 10 വിദ്യാർത്ഥികളിൽ കൂടുതലുള്ള സ്പെഷ്യൽ സ്കൂളുകൾക്ക് വ്യവസ്ഥകൾക്ക് വിധേയമായി എയ്ഡഡ് പദവി നൽകുന്നതിനും എയ്ഡഡ് പദവി കിട്ടാത്ത അംഗീകൃത സ്പെഷ്യൽ സ്കൂളിലെ അദ്ധ്യാപക-അനദ്ധ്യാപകർക്ക് മാസത്തിൽ 1,500 രൂപാ വീതം ഓണറേറിയം നൽകുന്നതിനും തത്വത്തിൽ അനുമതി നൽകി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly